**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3653** **26-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെ ബലക്ഷയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന് ബലക്ഷയമുണ്ടെന്ന് ചെന്നൈ ഐ.ഐ.ടി. പഠനത്തിൽ കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | ഐ.ഐ.ടി ചെന്നൈയിലെ വിദഗ്ധരുടെ പഠന റിപ്പോർട്ടിൽ കണ്ടെത്തിയ കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണത്തകരാർ വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ദരെ ഉൾപ്പെടുത്തി ഒരു അഞ്ചംഗ Technical Expert Committee രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ report 2 ആഴ്ചയ്ക്കുള്ളിൽ സമർപ്പിയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി സമർപ്പിക്കുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോഴിക്കോട് ബി.റ്റി.സിയിൽ ചെയ്യുന്ന തിരുത്തൽ / ശക്തിപ്പെടുത്തൽ നടപടി തീരുന്നതുവരെ ബസ് ഓപ്പറേഷൻ ബി.റ്റി.സി ബിൽഡിംഗിൽ നിന്നും മാറ്റുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ